**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 650** **09-08-2023 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിലെ സ്വകാര്യ വ്യവസായ പാർക്കുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. വി. അൻവർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിൽ സ്വകാര്യ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്നും ഏതെല്ലാം സ്ഥലങ്ങളിലാണ് അപേക്ഷകരുള്ളതെന്നും അപേക്ഷകരുടെ പേരും വിലാസവും കൈവശമുള്ള സ്ഥലവും സർവ്വെ നമ്പരും വില്ലേജും താലൂക്കും അടക്കമുള്ള വിശദാംശങ്ങളും ലഭ്യമാക്കാമോ; | (എ) | മലപ്പുറം ജില്ലയിൽ സ്വകാര്യ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് 4 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. എടയൂർ, പെരിഞ്ചോല, കാരച്ചാൽ, വണ്ടൂർ എന്നീ സ്ഥലങ്ങളിലാണ് അപേക്ഷകരുള്ളത്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. ശ്രീ. മുഹമ്മദ് അലി ടി. കെ., മെ. മലബാർ എന്റർപ്രൈസസ്, ഡോർ നം.73ബി, പാലക്കൽ ബിൽഡിംഗ്, വടമുക്ക്, മാറഞ്ചേരി പി.ഒ, മലപ്പുറം - 679581<br><br>കൈവശമുള്ള സ്ഥലം : 13.49 ഏക്കർ<br><br>സർവ്വേ നമ്പറുകൾ : 417, 418<br><br>സബ് ഡിവിഷൻ നമ്പറുകൾ : 417, 418/1-1, 418/1-15, 418/1-19, 418/1-234, 418/1-236, 418/1-249, 418/1-255, 418/1-256, 418/1-36, 418/1-40, 418/1-44, 418/1-49, 418/1-51, 418/1-52, 418/1-59, 418/1-85, 418/1-92.<br><br>വില്ലേജ് : എടയൂർ, താലൂക്ക് : തിരൂർ<br><br>2. ശ്രീ. ജാസിർ അടാട്ടിൽ, മെ.ക്ലാസി ഇൻഡസ്ട്രിയൽ പാർക്ക് നം. 1/8, കോട്ടക്കൽ മുനിസിപ്പാലിറ്റി, കോട്ടക്കൽ മലപ്പുറം 676501.<br><br>കൈവശമുള്ള സ്ഥലം : 5.42 ഏക്കർ<br><br>സർവ്വേ നമ്പറുകൾ : 168/1, 168/2, 498/5, 498/6, 498/7, 498/8, 168/8, 496/1, 496/2, 496/4, 498/1<br><br>വില്ലേജ് - കുറവ<br><br>താലൂക്ക് - പെരിന്തൽമണ്ണ. |

| | | | |
|---|---|---|---|
| | | | 3.ശ്രീ. അലി ഹാജി, മെ. പി.കെ. എന്റർപ്രൈസസ്, കാരച്ചാൽ, പുള്ളിപ്പാടം പി.ഒ, മമ്പാട്, മലപ്പുറം 676542.<br><br>കൈവശമുള്ള സ്ഥലം : 12 ഏക്കർ<br><br>സർവ്വേ നമ്പറുകൾ : 1/277-1, 1/278, 1/279.<br><br>വില്ലേജ് - പുള്ളിപ്പാടം<br><br>താലൂക്ക് - നിലമ്പൂർ.<br><br>4.ശ്രീ. ജഗദീഷ് പ്രസാദ്, മെ. കരിക്കാട് ദേവസ്വം, വണ്ടൂർ പി.ഒ, മലപ്പുറം 679328.<br><br>കൈവശമുള്ള സ്ഥലം : 10.38 ഏക്കർ<br><br>സർവ്വേ നമ്പർ 211/2<br><br>വില്ലേജ് - വണ്ടൂർ<br><br>താലൂക്ക് - നിലമ്പൂർ |
| (ബി) | പ്രസ്തുത അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികളും സ്വകാര്യ പാർക്കുകൾക്ക് അനുമതി നൽകിയിട്ടുണ്ടെങ്കിൽ ആയത് നൽകിയ തീയതിയും അറിയിക്കാമോ? | (ബി) | ശ്രീ. മുഹമ്മദ് അലി ടി. കെ, മെ. മലബാർ എന്റർപ്രൈസസ്-ന്റെ അപേക്ഷയ്ക്ക് 22/09/2022-ന് പ്രകാരം Developer Permit നൽകിയിട്ടുണ്ട്.<br><br>ശ്രീ. ജാസിർ അടാട്ടിൽ, മെ. ക്ലാസി ഇൻഡസ്ട്രിയൽ പാർക്ക് -ന്റെ അപേക്ഷ 19/05/2023 ലെ സ്റ്റേറ്റ് ലെവൽ കമ്മിറ്റി യോഗം പരിഗണിക്കുകയും, പരിശോധനയ്ക്കായി റവന്യൂ വകുപ്പിന് കൈമാറിയിട്ടുമുണ്ട്.<br><br>ശ്രീ. അലി ഹാജി, മെ. പി. കെ എന്റർപ്രൈസസ്-ന്റെ അപേക്ഷയിൽ പരാമർശിച്ചിട്ടുള്ള ഭൂമി, രണ്ട് വ്യക്തികളുടെ പേരിൽ പ്രത്യേകമായിട്ടുള്ളതാണ്. പക്ഷെ അപേക്ഷയിൽ കാണിച്ചിട്ടുള്ള 3 സർവ്വേ നമ്പറിൽ, ഒരെണ്ണം മാത്രമാണ് Partnership Deed ൽ പ്രതിപാദിച്ചിട്ടുള്ളത്. അത് അപേക്ഷക്ക് മിനിമം വേണ്ടുന്ന ഭൂമിയുടെ അളവിൽ കുറവുമാണ്. മാത്രമല്ല, ലൊക്കേഷൻ സ്കെച്ച്-ൽ ഭൂമി ഒരുമിച്ചല്ല എന്നും കാണുകയാൽ വ്യക്തമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>ശ്രീ.ജഗദീഷ് പ്രസാദ്, എക്സിക്യൂട്ടീവ് ഓഫീസർ, മെ.കരിക്കാട് ദേവസ്വം, വണ്ടൂർ പി.ഒ, മലപ്പുറം സമർപ്പിച്ചിട്ടുള്ള ഓൺലൈൻ അപേക്ഷയിൽ ആദ്യം ചേർത്ത രേഖകൾ പൂർണ്ണമായിരുന്നില്ല. വ്യക്തമായ റിപ്പോർട്ട് ലഭ്യമാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ